# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/51/2017 പത്രക്കുറിപ്പ് 2017 മാർച്ച് 8

**മേഴ്സിചാൻസ് പരീക്ഷ**

അവസാന മേഴ്സി ചാൻസ് ബി.എ/ ബി.എസ്സി/ ബി.കോം/ ബി.റ്റി.എസ്/ ബി.എ. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ/ബി.എ. മൾട്ടീമീഡിയ/ബി.എഫ.റ്റി (വൊക്കേഷണൽ മോഡൽ 2 കോഴ്സ്-2009 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾക്ക് അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 17 വരെയും സ്വീകരിക്കും. അപേക്ഷകർ 10000 രൂപ സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

**പരീക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ യു.ജി(സി.ബി.സി.എസ്.എസ്-2013 ന് മുൻപുള്ള അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മാർച്ച് 22 ന് ആരംഭിക്കും.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്റിറ്റിക്സ് (സി.എസ്.എസ്-2016 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 14, 15 തീയതികളിൽ പാലാ അൽഫോൺസാ കോളേജിൽ വച്ച് നടത്തും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ സിനിമ & ടെലവിഷൻ, എം.എ മൾട്ടീമീഡിയ, എം.എ ആനിമേഷൻ & എം.എ ഗ്രാഫിക് ഡിസൈൻ (സി.എസ്.എസ്-2015 അഡ്മിഷൻ റഗുലർ/2012 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 13 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ മോഡൽ 1, 2, 3 (2013 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം മോഡൽ 1, 2, 3 (2009 മുതൽ 2013 അഡ്മിഷൻ വരെ സപ്ലിമെന്ററി/2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധ നയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 23 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്സി. മോഡൽ 1, 2, 3 (2009 - 2013 അഡ്മിഷൻ റീഅപ്പിയറൻസ്/2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധ നയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 23 വരെ സ്വീകരിക്കും.

2016 ആഗസ്റ്റിൽ നടത്തിയ ഒന്നാം ബി.എസ്സി. മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം-2015 അഡ്മിഷൻ റഗുലർ/ പഴയ സ്കീം- 2008 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 18 വരെ സ്വീകരിക്കും.

2016 ഡിസംബറിൽ നടത്തിയ അവസാന വർഷ ബി.ഫാം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 18 വരെ സ്വീകരിക്കും.

2016 ഏപ്രിൽ, മെയ്യ് മാസങ്ങളിൽ നടത്തിയ ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.റ്റി.എസ് (ഓഫ്കാമ്പസ്)ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയ ത്തിനുമുള്ള അപേക്ഷകൾ മാർച്ച് 21 വരെ സ്വീകരിക്കും.

**അപേക്ഷാതീയതി**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ മൂന്നാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്- 2015-17 ബാച്ച്) എക്സ്റ്റേണൽ പരീക്ഷകൾ ഏപ്രിൽ 3 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 24 വരെയും 50 രൂപ പിഴയോടെ 29 വരെയും സ്വീകരിക്കും.

**ഉത്തരക്കടലാസ് തിരിച്ചേൽപ്പിക്കണം**

2016 മെയ്യിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബിരുദ പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയത്തിനായി കൈപ്പറ്റിയിട്ടുള്ള അദ്ധ്യാപകർ മാർച്ച് 13 ന് മുൻപായി മൂല്യനിർണ്ണയം പൂർത്തിയാക്കി ഉത്തരക്കടലാസ് അതാത് മൂല്യനിർണ്ണയ ക്യാമ്പിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

**പി.ജി.പരീക്ഷാ മൂല്യനിർണ്ണയക്യാമ്പ്**

മൂന്നാം സെമസ്റ്റർ പി.ജി പരീക്ഷയുടെ മൂല്യനിർണയക്യാമ്പ് സർവ്വകലാശാല ക്യാമ്പസിൽ വച്ച് മാർച്ച് 15 ന് ആരംഭിക്കും. നിയമന ഉത്തരവ് ലഭിച്ച എല്ലാ അദ്ധ്യാപകരും, ക്യാമ്പസിലെ സിൽവർജൂബിലി പരീക്ഷാഭവൻ അനക്സിൽ വച്ച് നടക്കുന്ന ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണം.

**അിറയിപ്പ്**

**മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ വിവിധ ഫാക്കൽറ്റികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവായി. ഇത് സംബന്ധിച്ചുള്ള വിജ്ഞാപനത്തിന്റെ പൂർണ്ണ രൂപം സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**